بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝

# ജുമുഅഃ ഖുത്ബ സംഗ്രഹം 01.07.2022

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.*

## ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 24

اَشْھَدُ اَنْ لَّاۤ اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ ○ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ ○
اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ ○ اَلرَّحْمٰنِ الرَّحِیْمِ ○ مٰلِکِ یَوْمِ الدِّیْنِ ○ اِیَّاکَ
نَعْبُدُ وَاِیَّاکَ نَسْتَعِیْنُ ○ اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ ○ صِرَاطَ الَّذِیْنَ اَنْعَمْتَ
عَلَیْھِمْ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ ○

ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ കാലത്തെ മതപരിത്യാഗികൾക്കും കലാപക്കാർക്കെതിരെയും നടത്തിയ സൈനീക നീക്കങ്ങളെക്കുറിച്ചുള്ള പരാമർശത്തിൽ (ബഹറൈനിലേക്കുള്ള) ഒമ്പതാമത്തെ സൈനീകനീക്കം ഇപ്രകാരമാണ്, ഹദ്റത്ത് അലാഅ്(റ) ഹദ്റത്ത് ജാറൂദ്(റ)ന് ഉത്തരവയച്ചുകൊണ്ട് പറഞ്ഞു: നിങ്ങൾ അബ്ദുൽ ഖൈസ് ഗോത്രത്തെ കൂട്ടിക്കൊണ്ടുപോയി ഹുത്വമിനെ നേരിടുന്നതിനായി ഹജറിനോട് ചേർന്നുള്ള പ്രദേശത്ത് തമ്പടിക്കുക. അദ്ദേഹം ഹുത്വമിനെ നേരിടുന്നതിനായി തന്റെ സൈന്യവുമായി ആ പ്രദേശത്തേക്ക് വന്നു. ദാറൈൻവാസികൾ ഒഴികെയുള്ള എല്ലാ ബഹുദൈവാരാധകരും ഹുത്വമിൽ ഒത്തുകൂടിയിരുന്നു. അതുപോലെ എല്ലാ മുസ്‌ലിംകളും ഹദ്റത്ത് അലാഅ് ബിൻ ഹസ്റമിയുടെ അടുത്തും ഒത്തുകൂടി. രണ്ടുപേരും അവരുടെ മുന്നിൽ കിടങ്ങ് കുഴിച്ചിരുന്നു. അവർ ദിവസവും തങ്ങളുടെ കിടങ്ങ് മുറിച്ചുകടന്ന് ശത്രുവിനെ ആക്രമിക്കുകയും, പോരാട്ടത്തിന് ശേഷം അവർ കിടങ്ങിന്റെ പിന്നിലേക്ക് മാറുകയും ചെയ്തിരുന്നു.

ഒരു മാസത്തോളം ഇതായിരുന്നു യുദ്ധത്തിന്റെ അവസ്ഥ. അങ്ങനെ ഒരു രാത്രി മുസ്‌ലിംകൾ ശത്രുപാളയത്തിൽ നിന്ന് ഉച്ചത്തിൽ നിലവിളി കേട്ടു. ആ സമയത്ത് ഹദ്റത്ത് അലാഅ്, ശത്രുവിന്റെ യഥാർഥ അവസ്ഥ ആരാണ് അറിയിച്ചു തരികയെന്നു ചോദിച്ചപ്പോൾ, ഞാൻ ഈ ജോലിക്ക് പോകാമെന്ന് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഹദഫ് പറഞ്ഞു. അദ്ദേഹം (അന്വേഷിച്ചു) തിരികെ വന്ന് പറഞ്ഞു: നമ്മുടെ എതിരാളികൾ ലഹരിയിൽ മുഴുകി ബഹളമുണ്ടാക്കുകയാണ്. ഈ ശബ്ദമെല്ലാം അതിന്റേതാണ്. ഇതുകേട്ട മുസ്‌ലിംകൾ ഉടൻതന്നെ ശത്രുവിനെ ആക്രമിക്കുകയും അവന്റെ പാളയത്തിൽ പ്രവേശിച്ച് നിഷ്കരുണം വധിക്കുകയും ചെയ്തു. അവർ തങ്ങളുടെ കിടങ്ങുകളിലേക്ക് ഓടി, പലരും അതിൽ വീണു മരിച്ചു; ചിലർ രക്ഷപ്പെട്ടു. ചിലർ ഭയപ്പെട്ടു; ചിലർ കൊല്ലപ്പെടുകയോ ബന്ധനസ്ഥനാക്കപ്പെടുകയോ ചെയ്തു. അവരുടെ പാളയത്തിലെ എല്ലാം മുസ്‌ലിംകൾ കൈവശപ്പെടുത്തി. രക്ഷപ്പെട്ട് ഓടിപ്പോകാൻ കഴിഞ്ഞവർക്ക് തന്റെ ശരീരത്തിലുള്ളത് എടുക്കാൻ മാത്രമേ കഴിഞ്ഞുള്ളൂ. എന്നാൽ അബ്ജർ ജീവനോടെ രക്ഷപ്പെട്ടു.

ഭയത്താൽ തന്റെ ശരീരത്തിൽ ജീവനില്ല എന്ന അവസ്ഥയിലായിരുന്നു ഹുത്വം. മുസ്‌ലിംകൾ ബഹുദൈവാരാധകരുടെ നടുവിലേക്ക് പ്രവേശിച്ചിരിക്കെ അയാൾ കുതിരയുടെ അടുത്തേക്ക് ഓടി. മുസ്‌ലിംകളിൽനിന്ന് ഓടിമറഞ്ഞുകൊണ്ട് കുതിരപ്പുറത്ത് കയറാനുള്ള ശ്രമത്തിലായിരുന്നു ഭയചകിതനായ ഹുത്വം. (കുതിരയുടെ) പാദഗ്രഹണിയിൽ കാൽവെച്ച ഉടൻ അത് പൊട്ടിപ്പോയി. ഹദ്റത്ത് ഖൈസ് ബിൻ ആസിം അവനെ (വധിച്ചുകൊണ്ട്) നരകത്തിലേക്ക് അയച്ചു.

ബഹുദൈവാരാധകരുടെ പാളയത്തിലെ എല്ലാം പിടിച്ചെടുത്തശേഷം രാവിലെ ഹദ്റത്ത് അലാഅ് സൈന്യങ്ങൾക്കിടയിൽ യുദ്ധമുതൽ വിതരണം ചെയ്യുകയും യുദ്ധത്തിൽ പ്രത്യേക ധീരത കാട്ടിയ ആളുകൾക്ക് മരണപ്പെട്ട നേതാക്കന്മാരുടെ വിലയേറിയ വസ്ത്രങ്ങൾ നൽകുകയും ചെയ്തു. അവരിൽ ഹദ്റത്ത് അഫീഫ് ബിൻ മുൻദർ, ഹദ്റത്ത് ഖൈസ് ബിൻ ആസിം, ഹദ്റത്ത് സമാമാ ബിൻ ഉഥാൽ(റ) എന്നിവരും ഉൾപ്പെടുന്നു. ഹദ്റത്ത് സമാമാ(റ)വിന് നൽകിയ വസ്ത്രങ്ങളിൽ ഹുത്വമിന്റെ വിലയേറിയ കറുത്ത ഡിസൈൻ ചെയ്ത കുപ്പായവും ഉണ്ടായിരുന്നു; അത് അദ്ദേഹം അഭിമാനത്തോടെ ധരിച്ചിരുന്നു. ഈ നീക്കത്തിന്റെ വിജയം അബൂബക്കർ(റ)ന് കത്ത് മുഖേന അദ്ദേഹം അറിയിച്ചു.

ഹജറും പരിസരവും ഹദ്റത്ത് അലാഅ് കൈയടക്കിയെങ്കിലും അധികം പ്രദേശവാസികളായ പേർഷ്യക്കാരും പുതിയ ഭരണത്തെ എതിർത്തു.

ഹജറിലുള്ള മദീനാ ഭരണകൂടം അട്ടിമറിക്കപ്പെടുന്നതാണെന്നും മഫ്റൂഖ് ശൈബാനി തന്റെ സമൂഹമായ തഗ്‌ലബിന്റേയും നംറിന്റേയും സൈന്യത്തെയുംകൊണ്ട് വന്നുകൊണ്ടിരിക്കുകയാണെന്നുമുള്ള വാർത്തകൾ പ്രചരിപ്പിച്ച് ജനങ്ങളിൽ ഭീതി ജനിപ്പിച്ചു. ഈ കാര്യങ്ങളറിഞ്ഞ ഹദ്റത്ത് അബൂബക്കർ അലാഇന് ഇങ്ങനെയെഴുതി, ബനൂ ശൈബാൻ ഇബ്നു ഥൽഅബ നിങ്ങളെ ആക്രമിക്കാൻ പോകുന്നുവെന്നും കലാപകാരികൾ ഈ വാർത്ത പ്രചരിപ്പിക്കുന്നുവെന്നും അന്വേഷണത്തിൽ തെളിയുകയാണെങ്കിൽ അവരെ അടിച്ചമർത്താൻ സൈന്യത്തെ അയക്കുകയും അവരെ മെതിച്ചു കളയുകയും അവരുടെ പിന്നിലുള്ള ഗോത്രങ്ങളെ അവർ ഒരിക്കലും തലയുയർത്താൻ ധൈര്യപ്പെടാത്ത നിലയിൽ ഭയപ്പെടുത്തുകയും ചെയ്യുക. മതപരിത്യാഗികൾ (പേർഷ്യൻ ഉൾക്കടലിലെ ഒരു ദ്വീപായ) ദാറൈനിൽ ഒത്തുകൂടി. ഹദ്റത്ത് അലാഇൽ നിന്നുമേറ്റ പരാജയത്തിനുശേഷം, പരാജയപ്പെട്ട പ്രക്ഷോഭകാരികളിൽ വലിയൊരു ഭാഗം ചങ്ങാടങ്ങളിൽ കയറി ദാറൈനിലേക്ക് കടന്നിരുന്നു. മറ്റുള്ളവർ തങ്ങളുടെ ഗോത്രമേഖലകളിലേക്ക് മടങ്ങി.

ബഹ്റൈനിൽ പ്രക്ഷോഭങ്ങളുടെ തീ അണയ്ക്കുന്നതിൽ മുസന്നാ ബിൻ ഹാരിസ വലിയ പങ്കു വഹിച്ചിരുന്നു. അദ്ദേഹം ഹദ്റത്ത് അലാഅ് ഇബ്നു ഹസ്റമിയുടെ കൂടെനിന്നു. സൈന്യത്തോടൊപ്പം ബഹ്റൈനിൽ നിന്ന് വടക്കോട്ട് നീങ്ങി; ഖത്തീഫും ഹജറും പിടിച്ചെടുത്തു. ബഹ്റൈനിലുള്ള മതപരിത്യാഗം ചെയ്തവരെ സഹായിച്ച പേർഷ്യൻ സൈന്യത്തെയും അവരുടെ പ്രവർത്തകരേയും പരാജയപ്പെടുത്തുന്നതുവരെ അദ്ദേഹം തന്റെ ദൗത്യം തുടർന്നു. ഹദ്റത്ത് ആലാഅ് ബഹുദൈവാരാധകരുടെ സൈന്യത്തിലായിരുന്ന സമയത്ത് തന്നെ അദ്ദേഹം ബനൂബകർ ബിൻ വാഇലിന് എഴുതിയ കത്തുകൾക്ക് മറുപടി ലഭിച്ചു; ഉദ്ദേശിച്ചതുപോലെ വാർത്ത ലഭിച്ചു. അതായത്, അവർ മുസ്‌ലിംകളാണ്, അവർ കലാപകാരികളല്ല, അവർ യുദ്ധം ചെയ്യില്ല. അവർ പോയതിന് ശേഷം, ബഹ്റൈൻ വാസികളിൽ ആരും തന്നെ അക്രമപരമായ ഒരു സംഭവവും ഉണ്ടാക്കുന്നതല്ലെന്നും മനസ്സിലായപ്പോൾ എല്ലാ മുസ്‌ലിംകളോടും ദാറൈനിലേക്ക് മുന്നേറാനുള്ള ക്ഷണം അദ്ദേഹം നൽകി.

മുസ്‌ലിംകളുടെ പക്കൽ ആ ദ്വീപിലേക്ക് എത്തുന്നതിനായി ചങ്ങാടങ്ങളൊന്നും ഇല്ലായിരുന്നു. ഇത് കണ്ട ഹദ്റത്ത് അലാഅ് എഴുന്നേറ്റ് നിന്ന് ആളുകളെ വിളിച്ചു കൂട്ടി അവരെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു: അല്ലാഹു നിങ്ങൾക്കായി പിശാചുക്കളുടെ സംഘങ്ങളെ ഒരുമിച്ചുകൂട്ടിയിരിക്കുകയാണ്. യുദ്ധത്തെ (അവൻ) സമുദ്രത്തിലേക്ക് എത്തിച്ചിരിക്കുന്നു. അവൻ മുമ്പ് കരയിൽ അവന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് കാണിച്ചു തന്നിട്ടുണ്ട്. (ഇപ്പോൾ) ഈ അടയാളങ്ങളിലൂടെ കടലിൽ നിന്ന് പാഠം പഠിക്കാൻ വേണ്ടി. (അതിനാൽ) തങ്ങളുടെ ശത്രുക്കളിലേക്ക് നീങ്ങുക, സമുദ്രത്തെ കീറിമുറിച്ചുകൊണ്ട് അവരിലേക്ക് നീങ്ങുക. കാരണം അല്ലാഹു അവരെ നിങ്ങൾക്കായി ഒരുമിച്ചുകൂട്ടിയിരിക്കുകയാണ്. അവരെല്ലാം ഉത്തരം പറഞ്ഞു: അല്ലാഹുവാണെ, ഞങ്ങൾ അങ്ങനെത്തന്നെ ചെയ്യുന്നതാണ്. ദഹ്നാ താഴ്വരയുടെ അത്ഭുതം കണ്ടശേഷം ഞങ്ങൾ ജീവിച്ചിരിക്കുന്നിടത്തോളം ഈ ആളുകളെ ഭയപ്പെടുകയില്ല.

ഹദ്റത്ത് അലാഉം എല്ലാ മുസ്‌ലിംകളും ആ സ്ഥലത്തു നിന്ന് കടൽത്തീരത്തേക്ക് എത്തി അല്ലാഹുവിനോട് ദുആ ചെയ്തു.

يَا أَرْحَمَ الرَّاحِمِيْنَ يَا كَرِيْمُ يَا حَلِيْمُ يَا أَحَدُ يَا صَمَدُ يَا حَيُّ

يَا مُحْيِ الْمَوْتِ يَا حَيُّ يَا قَيُّوْمُ لَا إِلٰهَ إِلَّا أَنْتَ يَا رَبَّنَا

അദ്ദേഹം ഈ ദുആ ചെയ്തുകൊണ്ട് സൈന്യത്തിലെ എല്ലാ അംഗങ്ങളോടും തങ്ങളുടെ സവാരികളെ കടലിൽ ഇറക്കാൻ ആവശ്യപ്പെട്ടു. എല്ലാവരും അങ്ങനെ ചെയ്തു, ഒരു നഷ്ടവും കൂടാതെ സമുദ്രത്തെ അവർ കടന്നു.

(ഹുസൂർ തിരുമനസ്സ് പറഞ്ഞു:) ഞങ്ങൾ ദാറൈനിലെത്തിയപ്പോൾ ഇരുപക്ഷവും തമ്മിൽ വളരെ രക്തരൂക്ഷിതമായ യുദ്ധം നടന്നു. എല്ലാ പ്രക്ഷോഭകാരികളും കൊല്ലപ്പെട്ടു, ഒരു വിവരം നൽകാൻ പോലും ആരും അവശേഷിച്ചില്ല. മുസ്‌ലിംകൾ അവരുടെ കുടുംബങ്ങളെ ദാസികളോ ദാസന്മാരോ ആക്കി. അവരുടെ സ്വത്തുക്കൾ പിടിച്ചെടുത്തു. കുതിര സവാരിക്കാരായ ഒരോരുത്തർക്കും 6000 വും കാൽ സവാരിക്കാരായവർക്ക് 2000 ദിർഹവും യുദ്ധമുതലായി ലഭിച്ചു.

പത്താമത്തെ സൈനീക നീക്കം യമനിലെ തിഹാമ വാസികളുടെ മതപരിത്യാഗത്തിനും പ്രക്ഷോപത്തിനും എതിരിൽ ഹദ്റത്ത് സുവൈദ് ബിൻ മുഖ്റിനെ അയച്ചത് ആയിരുന്നു. ഹദ്റത്ത് സുവൈദ് ബിൻ മുഖ്റിൻ മുസ്നി ഹിജ്റ 5 ൽ ഇസ്‌ലാം സ്വീകരിച്ചു. തിഹാമ വാസികളുടെ മതപരിത്യാഗത്തിന്റേയും പ്രക്ഷോപത്തിന്റെയും സാഹചര്യങ്ങളും സംഭവങ്ങളും വിശദീകരിച്ചുകൊണ്ട് ഒരു എഴുത്തുകാരൻ എഴുതുന്നു, തിഹാമയിൽ മുർത്തദ്ദീങ്ങളെ അമർച്ച ചെയ്തതിലെ പ്രധാനി ത്വാഹിർ ഇബ്നു അബീ ഹാല ആയിരുന്നു.

അദ്ദേഹത്തെ തിരുനബി(സ)യുടെ ഭാഗത്തു നിന്നും തിഹാമയുടെ കാര്യദർശിയാക്കിയിരുന്നു. പിന്നീട് ഹദ്റത്ത് അബൂബക്കർ(റ) ഉഖാശ ബിൻ സൗറിന്, തിഹാമയിൽ താമസിച്ച് തന്റെ ആളുകളെ ഒരുമിച്ചു കൂട്ടാനും (ഹദ്റത്ത് അബൂബക്കർ(റ)ന്റെ) ഉത്തരവിനായി കാത്തിരിക്കാനും നിർദേശം നൽകി. ഹദ്റത്ത് അബൂബക്കർ(റ) ജരീർ ബിൻ അബ്ദുല്ലാഹ് ബജ്‌ലിയെ ബജീല ഗോത്രത്തിലേക്ക് തിരിച്ചയക്കുകയും തന്റെ ഗോത്രത്തിലെ ഉറച്ച മുസ്‌ലിംകളെ കൂട്ടിക്കൊണ്ടുപോയി മുർത്തദ്ദുകളോട് യുദ്ധം ചെയ്യാൻ ഉത്തരവിടുകയും ചെയ്തു. തുടർന്ന് ഖസ്അം ഗോത്രത്തിലേക്കു പോയി അവരുടെ മുർത്തദ്ദുകളോട് യുദ്ധം ചെയ്യുക. അദ്ദേഹം തന്റെ ഉദ്യമത്തിനായി പുറപ്പെട്ടു, സിദ്ധിഖ് അക്ബർ നൽകിയ കൽപന പൂർത്തിയാക്കി. കുറച്ച് ആളുകളല്ലാതെ ആരും അദ്ദേഹത്തിനെതിരെ വന്നില്ല. അദ്ദേഹം അവരെ വധിക്കുകയും ചിതറി ഓടിക്കുകയും ചെയ്തു.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് ബുർക്കിനാഫാസോയിലെ ഭീകരാക്രമണത്തിൽ ശഹീദായ നമ്മുടെ രണ്ട് ഖാദിംകളായ ബഹുമാന്യ ഡെക്കോ സകരിയാ സാഹിബ്, ഡെക്കോ മൂസാ സാഹിബ് എന്നിവരെയും മരണപ്പെട്ട 3 മർഹൂമീങ്ങളായ ഉമർകോട്ട് ജില്ലയിലെ ബഹുമാന്യ മുഹമ്മദ് യൂസഫ് സാഹിബ് ബലോച്ചിനെയും റബ്‌വയിലെ മുബാരിസ ഫാറൂഖ് സാഹിബയേയും ഐവറികോസ്റ്റിലെ പ്രാദേശിക മുഅല്ലിമായ ആൻസുമാനാ സാഹിബിനേയും അനുസ്മരിക്കുകയും അവരുടെ ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയും ചെയ്തു.

اَلْحَمْدُ لِلّٰهِ نَحمَدُہٗ وَ نَسْتَعِيْنُہٗ وَ نَسْتَغْفِرُہٗ وَنُوْمِنُ بِہٖ وَنَتَوَكَّلُ عَلَيْہِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-


Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 01.07.2022

Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**